മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ക്രിസ്തുവിൽ ഒന്ന്

ഡെന്നിസ് ഫോർടിൻ

നാലാം ക്വാർട്ടർ

(ഒക്ടോബർ, നവംബർ, ഡിസംബർ)

2018

വിവർത്തനം: സി. ജെ. ആന്റണി

# ഉള്ളടക്കം

1. സൃഷ്ടിപ്പും പതനവും
(സെപ്തംബർ 29 - ഒക്ടോബർ 5) ........ 5.

2. അനൈക്യത്തിന്റെ കാരണങ്ങൾ
(ഒക്ടോബർ 6 - 12) ........ 13.

3. "അവർ എല്ലാവരും ഒന്നാകേണ്ടതിനു"
(ഒക്ടോബർ 13 - 19) ........ 22.

4. ഐക്യത്തിന്റെ താക്കോൽ
(ഒക്ടോബർ 20 - 26) ........ 32.

5. ആദിമസഭയിലെ ഐക്യ അനുഭവം
(ഒക്ടോബർ 27 - നവംബർ 2) ........ 40.

6. ഐക്യത്തിന്റെ ചിത്രങ്ങൾ (നവംബർ 3 - 9) ........ 49.

7. ഭിന്നതകൾ ഉണ്ടാകുമ്പോൾ (നവംബർ 10 - 16) ........ 58.

8. വിശ്വാസത്തിലെ ഐക്യം (നവംബർ 17 - 23) ........ 66.

9. ഏറ്റവും വിശ്വാസ്യമായ തെളിവ്
(നവംബർ 24 - 30) ........ 75.

10. ഐക്യവും തകർന്ന ബന്ധങ്ങളും
(ഡിസംബർ 1 - 7) ........ 84.

11. ആരാധനയിലെ ഐക്യം (ഡിസംബർ 8 - 14) ........ 92.

12. സഭാഘടനയും ഐക്യവും
(ഡിസംബർ 15 - 21) ........ 101.

13. ഐക്യത്തിന്റെ അന്തിമ വീണ്ടെടുപ്പ്
(ഡിസംബർ 22–28) ........ 109.

പാഠം – 1

# സൃഷ്ടിപ്പും പതനവും

**ഈയാഴ്ചയിലെ പഠനത്തിന് വായിക്കുക: ഉല്. 1:26, 27; 1 യോഹ.4:7, 8,16; ഉല്.3:16–19; ഉല്. 11:1–9; ഗലാ. 3:29; ആവ. 7:6–11.**

**മനഃപാഠവാക്യം: "പിന്നെ അവൻ (ദൈവം) അവനെ (അബ്രഹാം) പുറത്തുകൊണ്ടുചെന്നു: നീ ആകാശത്തേക്കു നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്ന് കല്പിച്ചു. നിന്റെ സന്തതി ഇങ്ങനെ ആകും എന്നു അവനോടു കല്പിച്ചു. അവൻ യഹോവയിൽ വിശ്വസിച്ചു; അത് അവൻ അവന്നു നീതിയായി കണക്കിട്ടു." (ഉല്പത്തി 15:5,6)**

ദൈവം മനുഷ്യനെ സൃഷ്ടിച്ചു. അവൻ പാപത്തിൽ വീണു. അവിടെ തുടങ്ങുന്നു ദൈവജനത്തിന്റെ കഥ. സഭയിലെ ഐക്യത്തെക്കുറിച്ചു പഠിക്കണോ? ആദ്യം സൃഷ്ടിപ്പിലൂടെ ദൈവീക ഉദ്ദേശം അറിയണം. പിന്നെ മനുഷ്യന്റെ പതനശേഷം വീണ്ടെടുപ്പ് എന്തിന് എന്നും മനസ്സിലാക്കണം.

ബൈബിളിന്റെ ആദ്യ അദ്ധ്യായങ്ങൾ എന്ത് വെളിപ്പെടുത്തുന്നു? മാനവകുലം ഒരു കുടുംബമായി നിൽക്കാൻ ദൈവം ആഗ്രഹിച്ചു. നിർഭാഗ്യവശാൽ പാപ ദുരന്തഫലമായി ഇതുണ്ടായില്ല. പാപത്തിൽ നിന്ന് അനൈക്യവും വിഘടനവാദവും വേരിറക്കി. അനുസരണക്കേടിന്റെ പരിണതഫലങ്ങളും വേരൂന്നി. അരുതെന്ന് വിലക്കിയ കനി തിന്ന ആദാമിനെയും ഹവ്വയേയും കണ്ടോ? ദൈവം അടുത്തു വന്നപ്പോൾത്തന്നെ അവരുടെ സംഭാഷണത്തിൽ ഭിന്നത മറനീക്കി (ഉല്.3:11). അതിനാൽ രക്ഷാകര പദ്ധതിയുടെ ലക്ഷ്യങ്ങളിൽ സുപ്രധാനം നഷ്ടപ്പെട്ട ഐക്യം തിരിച്ചുപിടിക്കലാണ്.

ദൈവീക രക്ഷാപദ്ധതിയിൽ താക്കോൽ സ്ഥാനമാണ് വിശ്വാസികളുടെ പിതാവായ അബ്രാഹമിന്. വേദപുസ്തകത്തിൽ "വിശ്വാസത്തിലൂടെ നീതീകരണം" എന്നതിന് മികച്ച ഉദാഹരണം അബ്രഹാമാണ് (റോമ.4:1–5). ആ വിശ്വാസം ദൈവജനം തമ്മിലും ദൈവവുമായും ഒന്നിപ്പിക്കുന്നു. ഐക്യം വീണ്ടെടുക്കാനും നഷ്ടപ്പെട്ടുപോയ മനുഷ്യർ തന്റെ ഹിതമെന്തെന്ന് മനസ്സിലാക്കാനും ദൈവം ജനങ്ങളിലൂടെ പ്രവർത്തിക്കുന്നു.

**ഞായർ** **സെപ്തംബർ 30**

## ഐക്യത്തിന്റെ അടിസ്ഥാനമായി സ്നേഹം

ആറുദിനം കൊണ്ട് സൃഷ്ടികർമ്മം പൂർത്തിയായി. ആ ആഴ്ച അവസാനിക്കുമ്പോൾ സമാനതകളില്ലാത്ത ഒരു പൊരുത്തം നിലനിന്നിരുന്നു. അതാണ് ഉല്പത്തി ഒന്ന് രണ്ട് അദ്ധ്യായങ്ങളിലെ സൃഷ്ടിയുടെ കഥ. ഒടുവിലായി ദൈവം പറയുന്നു "എത്രയും നല്ലത്" (ഉല്.1:31). സൃഷ്ടിയുടെ സർഗ്ഗാത്മക സൗന്ദര്യം മാത്രമല്ല അവിടെ വിവക്ഷിച്ചത്, ദൈവം തീർത്ത ലോകത്തിലും അതിലധിവസിപ്പാനുള്ള മനുഷ്യനിലും യാതൊരുവിധ തിന്മയോ കലഹമോ ഇല്ലായിരുന്നു. ജീവനുള്ളതെല്ലാം സഹകരിച്ച് ഒത്തൊരുമയോടെ കഴിയണമെന്ന് സൃഷ്ടിയിലൂടെ ദൈവം ലക്ഷ്യമിട്ടു.

മനുഷ്യ കുടുംബത്തിനായി പണിത അതിമനോഹര ലോകം. സകലതും കറ തീർന്നതും സ്രഷ്ടാവിനു യോജിച്ചതുമായിരുന്നു. ഒത്തൊരുമ, ഐക്യം, സ്നേഹം ഇവ ദൈവം ലോകത്തിനായി വിഭാവനം ചെയ്തു.

**ഉല്പത്തി 1:26, 27 വായിക്കുക. ഉല്പത്തി ഒന്നിലും രണ്ടിലും പറയുന്ന ഭൂമിയിലെ മറ്റു സൃഷ്ടികളിൽ നിന്നും വ്യത്യസ്തമാക്കുന്ന എന്ത് അദ്വിതീയതയാണ് മനുഷ്യനിലുള്ളത്?**

ഉല്പത്തി പറയുന്നു, ദൈവം മനുഷ്യനെ സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. ഇതുപോലൊന്നിനെയും ഉണ്ടാക്കിയതുമില്ല. "അനന്തരം ദൈവം, 'അനന്തരം നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം;'.... ഇങ്ങനെ ദൈവം സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി സൃഷ്ടിച്ചു" (ഉല്.1:26,27). ഇന്നും വേദശാസ്ത്രിമാർ ഇതേപ്പറ്റി തർക്കിക്കുന്നു. നൂറ്റാണ്ടുകളായിട്ടും അതവസാനിക്കുന്നില്ല. എന്താണ് ഈ സാദൃശ്യം? ദൈവസ്വഭാവം എന്തെന്ന് എല്ലാവരും അറിയണം. ദൈവസ്വഭാവം സ്നേഹമാണെന്ന് ബൈബിൾ പറയുന്നു.

**1 യോഹ. 4:7, 8, 16 വായിച്ച് ചിന്തിക്കുക. നമ്മുടെ ഉത്ഭവം എങ്ങനെയായിരുന്നു? സൃഷ്ടിപ്പിൽ കണ്ട ഐക്യത്തെ ഇതെങ്ങനെ സ്വാധീനിക്കുമായിരുന്നു?**

ദൈവം സ്നേഹമാണ്. മനുഷ്യനും സ്നേഹിക്കാനറിയാം. (എന്നാൽ മറ്റ് ഭൂചര ജന്തുക്കൾക്ക് സമാന രീതിയിൽ അതിനാവില്ല.) സ്വന്തം ഛായയിൽ സൃഷ്ടിക്കുക എന്നാൽ ഈ കഴിവു കൂടി ദൈവം മനുഷ്യനിൽ ആലേഖനം ചെയ്തിരിക്കണം. സ്നേഹം ഉണ്ടാകുന്നത് എപ്പോഴാണ്, മറ്റുള്ളവരുമായുള്ള ബന്ധത്തിലൂടെ മാത്രം. ദൈവഛായയിൽ എന്തു തന്നെ സൃഷ്ടിക്കപ്പെട്ടാലും അന്യാധീനപ്പെടാതെ തലമുറകൾക്ക് അനുഭവിക്കാനായി ഒന്നുണ്ടാകും, സ്നേഹം, അഗാധമായ സ്നേഹം.

**തിങ്കൾ** **ഒക്ടോബർ 1**

## പതനത്തിന്റെ പരിണതഫലങ്ങൾ

അത് വളരെ വലുതായിരുന്നു, ആദാമിന്റെയും ഹവ്വയുടെയും അനുസരണക്കേട് ജീവജാലങ്ങൾ തമ്മിലുണ്ടായിരുന്ന സഹവർത്തിത്വം ഛിന്നഭിന്നമാക്കി. അതിലും ഭീകരമെന്തെന്നോ, മനുഷ്യർ തമ്മിൽ തെറ്റി. അത് ഇന്നുവരെയുള്ള മനുഷ്യരെയെല്ലാം അനൈക്യത്തിലും വിഘടിപ്പിലും കലഹത്തിലുമാക്കി. വീഴ്ചയുടെ കാരണമായി ആദാമും ഹവ്വയും പരസ്പരം പഴിചാരിയ മാത്രയിൽ ഐക്യമില്ലായ്മ മറനീക്കി (ഉല്. 3:12,13). അന്നുമുതൽ കാര്യങ്ങൾ വഷളായി.

**ഉല്. 3:16–19, 4:1–15 വായിക്കുക. ദൈവം സൃഷ്ടിച്ച ഒരുമയുള്ള ഭൂമിയിൽ പാപത്തിന്റെ ഫലങ്ങളെന്തായിരുന്നു, ആഘാതവും എന്താണ്?**

ആദാമിന്റെ അനുസരണക്കേട് അനേകം സംഭവങ്ങളുടെ ഉറവിടമായി മാറി. കാലം പോകെ, ദൈവസൃഷ്ടികളെയൊക്കെ അത് ബാധിച്ചു. പ്രകൃതി, പാപത്തിന്റെ ഫലം അനുഭവിച്ചു തുടങ്ങി. മനുഷ്യബന്ധങ്ങൾ ഉലഞ്ഞു. പരസ്പരം സ്നേഹിച്ചും സംരക്ഷിച്ചും കഴിയാമായിരുന്ന കയീനും ഹാബേലും തെറ്റി. ദൈവം അനുശാസിച്ച ആരാധനാരീതി പിൻപറ്റാതെ ഒരാൾ സ്വയേച്ഛകളിലേക്ക് പോയതാണ് കാരണം. അവരുടെ വിദ്വേഷം ഹിംസയിലും കൊലപാതകത്തിലും കലാശിച്ചു. കയീന്റെ പ്രതികരണം ഹാബേലിനെതിരെ എന്നതിനേക്കാൾ ദൈവത്തിനെതിരെയായിരുന്നു,

അവന് ദൈവത്തോട് കോപമായിരുന്നു (ഉല്.4:5). ഈ കോപമാണ് ഹാബേലിനു മേൽ പതിച്ചത്. അങ്ങനെ അനുസരണക്കേട് മാനുഷബന്ധങ്ങളെയും താറുമാറാക്കി.

"ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലുതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു" (ഉല്.6:5). ഈ ദുഷ്ടത വരുത്തിവച്ചതാണു മഹാജലപ്രളയം. ദൈവത്തിന്റെ ആദ്യ സൃഷ്ടികൾ പ്രളയജലത്തിൽ ഒലിച്ചുപോയി. എന്നിട്ടും ദൈവം മനുഷ്യനെ കൈവിട്ടില്ല. എല്ലാം പുനരാരംഭിക്കാൻ ഒരു ശേഷിപ്പിനെ ദൈവം അവശേഷിപ്പിച്ചു, നോഹയും കുടുംബവും.

പ്രളയശേഷം നോഹയ്ക്കും കുടുംബത്തിനും ദൈവം വാക്കു കൊടുത്തു. ദൈവിക സംരക്ഷണയും വാഗ്ദത്തവും കരുണയും ദയയും എന്നേക്കും ഓർമ്മിപ്പിക്കാനാണ് മഴവില്ല് (ഉല്.9:12-17, യെശ.54:7-10). ദൈവം നോഹയുമായി ഒരു ഉടമ്പടി ചെയ്തു. അതിലൂടെ ദൈവത്തോടും  വചനത്തോടും കൂറുള്ള ഒരുമയുള്ള മാനവ കുടുംബം ഉണ്ടാവുകയെന്ന ആദ്യ ദൈവീക പദ്ധതി പുനഃസ്ഥാപിച്ചു.

**പാപം ഇടർച്ച വരുത്തുന്നതെങ്ങനെ? നിങ്ങൾക്ക് ശക്തമായി സ്വാധീനിക്കാൻ ആകുന്നവരിൽ നഷ്ടപ്പെട്ട ഐക്യം പുനഃസ്ഥാപിക്കാൻ  നിങ്ങൾ ഇപ്പോൾ എന്ത് തിരഞ്ഞെടുപ്പാണ് നടത്തുക?**

**ചൊവ്വ** **ഒക്ടോബർ 2**

## കൂടുതൽ അനൈക്യവും വേർപിരിയലും

**ഉല്പത്തി 11:1-9 വായിക്കുക. വേർപിരിയലും അനൈക്യവും കൂടുതൽ വഷളാക്കിയ എന്താണ് ഇവിടെ സംഭവിച്ചത്?**

മഹാപ്രളയശേഷം സംഭവിച്ചത് ഒരേ കുടക്കീഴിലായിരുന്നവരെ ചിതറിച്ചു. ബൈബിൾ പറയുന്നു അവർ ഒരു ഗോപുരം പണിതു-ബാബേൽ ഗോപുരം, കലക്കത്തിന്റെ ഗോപുരം. അന്നുവരെ ഒരേ ഭാഷയിൽ ആശയവിനിമയം ചെയ്തവർക്ക് ഗോപുരം വീണ ശേഷം സ്വന്തം വീട്ടുകാർ പറയുന്നതു പോലും മനസ്സിലാവാതായി. ഭാഷ മാറി ഭാഷകളുണ്ടായി. യൂഫ്രട്ടീസ്, ടൈഗ്രിസ് നദികൾക്കിടയിലെ മണ്ണിന്റെ സൗന്ദര്യവും ഫലഭൂയിഷ്ഠതയും അവരെ ആകർഷിച്ചിരിക്കാം. നോഹയുടെ പെട്ടകത്തിൽ നിന്നുത്ഭവിച്ച ശേഷിപ്പു ജനം ആ സ്ഥലത്ത് ഒരു പട്ടണം ഉണ്ടാക്കുവാൻ തീരുമാനിച്ചു. ഇന്നത്തെ ഇറാഖിലുള്ള ഷിനാർ പ്രദേശത്ത് അവർ ഒരു ഗോപുരം നിർമ്മിക്കാൻ പുറപ്പെട്ടു (ഉല്. 11:2).

പ്രാചീനകാലം മുതൽക്കേ മെസപ്പൊട്ടേമിയ, ജനനിബിഡ പ്രദേശമായിരുന്നതായി പുരാവസ്തു ശാസ്ത്രം വെളിപ്പെടുത്തുന്നു. ഇവരിൽ ഒരു വംശമായിരുന്നു സുമേറിയക്കാർ; കളിമൺ പലകകളിൽ ആലേഖനം ചെയ്യുന്ന കല കണ്ടുപിടിച്ചവർ. ഉറപ്പുള്ള വീടുകളാണ് അവർ നിർമ്മിച്ചത്. ആഭരണം, ആയുധം, വീട്ടുപകരണങ്ങൾ ഒക്കെ ഉണ്ടാക്കുന്നതിൽ നിപുണർ. അനേകം ദേവതമാരെ ആരാധിപ്പാനായി തീർത്ത ഗോപുര സമാനമായ ക്ഷേത്രങ്ങളും ഉത്ഖനനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഷിനാർ മണ്ണിൽ തമ്പടിച്ച നോഹയുടെ പിൻതുടർച്ചക്കാർ അതിശീഘ്രം അവരുടെ ദൈവത്തെ വിസ്മരിച്ചു. മാത്രമല്ല ഇനിയൊരിക്കലും പ്രളയത്താൽ ഭൂമിയെ നശിപ്പിക്കില്ലെന്ന വാഗ്ദത്തവും അവർ മറന്നു. സ്വന്തം കഴിവുകളുടെയും

ജ്ഞാനത്തിന്റെയും സ്മാരകമായിട്ടാണ് അവർ ബാബേൽ ഗോപുരം പണിതുയർത്തിയത്. പേരിനും പുകഴ്ചയ്ക്കുമുള്ള അവരുടെ ആഗ്രഹം, “നമുക്കൊരു പേരുണ്ടാക്കുക” (ഉല്.11:4), ഇതായിരുന്നു ഗോപുര നിർമ്മാണത്തിന്റെ ഒരു ലക്ഷ്യം. “ദൈവീക ഉദ്ദേശ്യം അനുസരിച്ച്, സത്യ മതമെന്ന ബാന്ധവത്തിലൂടെ ഐക്യം സംരക്ഷിക്കുകയായിരുന്നു മാനവ ദൗത്യം. വിഗ്രഹാരാധനയും ബഹുദൈവങ്ങളും ഈ ആന്തരീക ആത്മീയ ബന്ധം മുറിച്ചപ്പോൾ, മതൈക്യം മാത്രമല്ല സാഹോദര്യമെന്ന ചൈതന്യം കൂടി നഷ്ടമായി. കൈമോശം വന്ന ആന്തരീക ഐക്യം സംരക്ഷിക്കാൻ ഗോപുരം പോലുള്ള ബാഹ്യമായ ഒന്നിനാവുമായിരുന്നില്ല.”-(*ദി എസ്.ഡി.എ. ബൈബിൾ കമന്ററി, വാല്യം 1, പേജ് 284, 285.)*

ആദാമിന്റെയും ഹവ്വയുടെയും വീഴ്ച മാനവരുടെ ഐക്യവും ആദ്യ ദൈവീകപദ്ധതിയും തകർത്തു. ആരാധന കലക്കി. ഭൂമിയിൽ തിന്മയും അസാന്മാർഗ്ഗികതയും വേഗം വ്യാപിച്ചു. ഒടുവിൽ മനുഷ്യർ പല സംസ്ക്കാരം, ഭാഷ, വംശം ആയി വിഭജിക്കപ്പെട്ടു. അന്നുമുതൽ അവർ ഭിന്നിപ്പിലുമാണ്.

**ഇന്ന് സഭകളിൽപോലുമുണ്ട് നമ്മെ മുറിപ്പെടുത്തുന്ന കുലം, സംസ്ക്കാരം, ഭാഷ മൂലമുള്ള വേർതിരിവുകൾ. മുറിവുണക്കാൻ എന്ത് പ്രായോഗിക നടപടികളെടുക്കാം?**

**ബുധൻ** **ഒക്ടോബർ 3**

### അബ്രാഹാം, ദൈവജനത്തിന്റെ പിതാവ്

യഹൂദ, ക്രൈസ്തവ, ഇസ്ലാം - ഏകദൈവത്തിൽ വിശ്വസിക്കുന്ന മൂന്നു ലോക മതങ്ങൾ അബ്രാഹാമിനെ പിതാവായി കാണുന്നു. ക്രൈസ്തവർക്ക് ഇതൊരു ആത്മീയ ബന്ധമാണ്. തന്റെ ദേശമായ മെസപ്പൊടേമിയയിൽ നിന്ന് പുറപ്പെടാൻ വിളി വന്നപ്പോൾ അബ്രാഹാമിനോടു ദൈവം പറഞ്ഞു, അവനിലൂടെ “ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും” (ഉല്.12:3, 18:18, 22:18 കാണുക). യേശുവിലൂടെ ആ അനുഗ്രഹം കൈവന്നു.

**എബ്രായർ 11:8-19, റോമർ 4:1-3, ഗലാത്യർ 3:29 വായിക്കുക. അബ്രാഹാമിന്റെ വിശ്വാസത്തെക്കുറിച്ച് വാക്യങ്ങൾ എന്തു പറയുന്നു? ക്രിസ്തീയ ഐക്യവുമായി ഇതു എങ്ങനെ ബന്ധപ്പെട്ടു കിടക്കുന്നു? ഇന്ന് ക്രിസ്തീയ ഐക്യം എന്തായിരിക്കണം എന്നതു ഈ വാക്യങ്ങൾ കാണിച്ചു തരുന്നു?**

വിശ്വാസികളുടെ പിതാവായ അബ്രാഹാം നമുക്കു ചില ക്രൈസ്തവ ഐക്യ അടിസ്ഥാനങ്ങൾ തരുന്നു. ഒന്ന്, അവൻ അനുസരണം ശീലിച്ചു. “വിശ്വാസത്താൽ അബ്രഹാം തനിക്ക് അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്കു യാത്രയാകുവാൻ വിളിക്കപ്പെട്ടപ്പോൾ അനുസരിച്ച് എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു” (എബ്രാ. 11:8). രണ്ട്, തനിക്ക് ദൈവീക വാഗ്ദത്തങ്ങളിൽ പ്രത്യാശയുണ്ടായിരുന്നു. “വിശ്വാസത്താൽ അവൻ വാഗ്ദത്ത ദേശത്ത് ഒരു അന്യദേശത്ത് എന്നപോലെ ചെന്ന് വാഗ്ദത്തത്തിനു കൂട്ടവകാശികളായ യിസഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശിൽപിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു” (എബ്രാ. 11:9,10). മൂന്ന്, ദൈവം ഒരു പുത്രനെ കൊടുക്കുമെന്ന് അബ്രഹാം വിശ്വസിച്ചു. ഒരുനാൾ

ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ പിൻഗാമികളുണ്ടാകുമെന്ന് അവനുറപ്പായിരുന്നു. ഈ പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ ദൈവം അവനെ വിശ്വാസത്താൽ നീതീകരിച്ചു (റോമ. 4:1-3). നാല്, ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ അബ്രഹാം വിശ്വസിച്ചു. വിശ്വാസത്തിന്റെ ഏറ്റവും വലിയ പരീക്ഷ അബ്രഹാം നേരിട്ടത് മോറിയാ മലയിൽ ഇസഹാക്കിനെ ബലി കൊടുക്കാൻ ദൈവം ആവശ്യപ്പെട്ടപ്പോഴാണ് (ഉല്.22:1-19, എബ്രാ.11:17-19).

പഴയ നിയമം അബ്രഹാമിനെ ദൈവത്തിന്റെ സുഹൃത്തെന്ന് വിളിക്കുന്നു (2 ദിന. 20:7, യെശ.41:8). വിശ്വാസജീവിതം, അചഞ്ചലമായ അനുസരണം, ദൈവ വാഗ്ദത്തങ്ങളിലുള്ള വിശ്വാസം ഇവയിലൂടെ ഇന്നു ക്രിസ്തീയ ജീവിതം എന്തായവണം എന്നതിന് മാതൃകയാണ് അബ്രഹാം.

**കഴിഞ്ഞ ദിവസങ്ങളിലെ നമ്മുടെ വാക്കും പ്രവൃത്തിയും എപ്രകാരമായിരുന്നു? വാക്കും പ്രവൃത്തിയും യഥാർത്ഥ വിശ്വാസത്തെ പ്രതിഫലിപ്പിച്ചുവോ? അല്ലെങ്കിൽ എങ്ങനെയൊക്കെ അതുറപ്പാക്കാം?**

**വ്യാഴം** **ഒക്ടോബർ 4**

### ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം

വേലക്കാരനായി അബ്രഹാമിനെ വിളിച്ചപ്പോൾ ലോകത്തിൽ ദൈവത്തെ പ്രതിനിധീകരിക്കാൻ ഒരു ജനത്തെ ദൈവം തിരഞ്ഞെടുത്തു. വിളിയും തിരഞ്ഞെടുപ്പും ദൈവസ്നേഹത്തിന്റെയും കൃപയുടെയും പ്രവൃത്തിയായിരുന്നു. ദൈവീകപദ്ധതിയുടെ കേന്ദ്രമായിരുന്നു ഇസ്രായേലിന്റെ ദൈവവിളി. ആദാമിന്റെ പതനം തകർത്ത, ചിതറിയ മനുഷ്യരെ വീണ്ടെടുക്കുന്ന പദ്ധതി. വിശുദ്ധ ചരിത്രം ഈ വീണ്ടെടുപ്പിനുള്ള ദൈവ പ്രവൃത്തികളാണ്. അതിലെ പ്രധാന ഘടകം ഇസ്രായേൽ എന്ന വാഗ്ദത്ത രാഷ്ട്രവും.

**ആവ.7:6-11 പ്രകാരം, എന്തിന് ദൈവം ഇസ്രായേലിനെ സ്വജനം എന്നു വിളിച്ചു? അബ്രഹാമിന്റെ സന്തതികളെ എന്തുകൊണ്ട് സ്വന്തജനമാക്കി?**

ഇസ്രായേലിനെ സ്വജനമായി തിരഞ്ഞെടുക്കുന്നതിൽ മനുഷ്യനോടുള്ള ദൈവ സ്നേഹം കാണാം. അബ്രഹാമും പിൻതുടർച്ചക്കാരുമായി ദൈവം ഒരു ഉടമ്പടിയുണ്ടാക്കി. ദൈവീകജ്ഞാനം സ്വജനത്തിലൂടെ സംരക്ഷിപ്പാനും മനുഷ്യനെ വീണ്ടെടുക്കാനുമുള്ള ഉടമ്പടി (സങ്കീ. 67:2). എങ്കിലും ദൈവം ഇസ്രായേലിനെ തിരഞ്ഞെടുത്തത് സ്നേഹത്തിന്റെ പാരമ്യമാണ്. ദൈവത്തിന്റെ അതുല്യ സ്നേഹം അവകാശപ്പെടത്തക്ക ഒന്നുമില്ലാത്തവരായിരുന്നു അബ്രഹാമിന്റെ തലമുറ. “നിങ്ങൾ സംഖ്യയിൽ സകല ജാതികളെക്കാളും പെരുപ്പമുള്ളവരാകുക കൊണ്ടല്ല യഹോവ നിങ്ങളെ പ്രിയപ്പെട്ട് തിരഞ്ഞെടുത്തത്; നിങ്ങൾ സകല ജാതികളേക്കാളും കുറഞ്ഞവരല്ലോ ആയിരുന്നത്” (ആവ. 7:7).

ദൈവം സ്വജനത്തെ തിരഞ്ഞെടുത്തത് മൂല്യങ്ങളുടെ വിചിത്രമായ തിരിമറിയിലൂടെയായിരുന്നു. ശക്തി, ജ്ഞാനം, ആത്മവിശ്വാസം ഇവയൊക്കെ നോക്കി നേതാക്കളെ മനുഷ്യർ തിരഞ്ഞെടുക്കുന്നു. ദൈവമാകട്ടെ തന്നെ സേവിക്കാൻ അത്തരക്കാരെയല്ല, സ്വന്തം പോരായ്മകളും തെറ്റും ഒന്നുമില്ലായ്മയുമൊക്കെ മനസ്സിലാക്കുന്നവരെയോ ഏറ്റുപറയുന്നവരെയോ ആണ് തിരഞ്ഞെടുക്കുന്നത്; തന്റെ മുമ്പിൽ പുകഴാതിരിക്കേണ്ടതിനു (1കൊരി.1:26-31).

എങ്കിലും, അവർക്കു കിട്ടിയ പ്രത്യേക അവകാശം നോക്കുക: "തന്റെ ജനമായ ഇസ്രായേലിനെ ദൈവം ഒരു പുകഴ്ചയും മഹത്വവുമാക്കുവാൻ വാഞ്ചിച്ചു. എല്ലാ ആത്മീയ സാദ്ധ്യതകളും അവർക്കു നൽകി. ദൈവത്തിന്റെ പ്രതിനിധികളാവാൻ തക്ക സ്വഭാവം ഉണ്ടാകാൻ സഹായകമാകുന്ന യാതൊന്നും ദൈവം അവർക്ക് വിലക്കിയില്ല.

"കൽപനാനുസരണം ലോകരാഷ്ട്രങ്ങൾക്കു മുന്നിൽ അവരെ സമൃദ്ധിയുടെ വിസ്മയമാക്കി. ഏതു കൗശല വേലയ്ക്കും ജ്ഞാനവും കഴിവും നൽകി. ദൈവം അവരുടെ അദ്ധ്യാപകനായി തുടർന്നു. കൽപനകൾ അനുസരിച്ചതിനാൽ താൻ അവരെ ഉയർത്തി, മഹത്വപ്പെടുത്തി. അനുസരിച്ചാൽ മറ്റു രാഷ്ട്രങ്ങളെ ബാധിച്ച രോഗബാധകളിൽ നിന്ന് സംരക്ഷിക്കും, ആരോഗ്യവും ബുദ്ധിയും നൽകി അനുഗ്രഹിക്കും. ദൈവത്തിന്റെ മഹത്വവും ശക്തിയും രാജത്വവും അവരുടെ എല്ലാ സമൃദ്ധിയിലും വെളിപ്പെടണമായിരുന്നു. അവർ രാജകുമാരന്മാരുടെയും പുരോഹിതന്മാരുടെയും രാജ്യമാകണമായിരുന്നു. ദൈവം അവർക്ക് ലോകത്തിലെ ഏറ്റവും വലിയ രാജ്യമാകുന്നതിന് എല്ലാ സംവിധാനങ്ങളുമൊരുക്കി."-*എലൻ ജി.വൈറ്റ്. ക്രൈസ്റ്റ്സ് ഒബ്ജക്റ്റ് ലെസൺസ്, പേജ് 288.*

**പുരാതന ഇസ്രായേലിനും ഇന്ന് അഡ്വന്റിസ്റ്റുകാരായ നമുക്കും വേണ്ടി ദൈവം എന്ത് ചെയ്തു? ഈ രണ്ടു വിളികളും തമ്മിൽ എന്ത് സാമ്യമാണുള്ളത്. ഉത്തരങ്ങൾ ശബ്ബത്തിൽ ക്ലാസ്സിൽ ചർച്ച ചെയ്യുക?**

**വെള്ളി** **ഒക്ടോബർ 5**

**കൂടുതൽ പഠനം:** എലൻ ജി വൈറ്റ്, "*സൃഷ്ടി*" പേജ് 44-51 കൂടാതെ "*അബ്രാഹമിന്റെ വിളി*" പേജ് 125-131, *പേട്രിയാർക്സ് ആൻഡ് പ്രോഫറ്റ്സ്* എന്ന പുസ്തകത്തിൽ നിന്ന്.

ദൈവം മനുഷ്യനെ സൃഷ്ടിച്ചതിന്റെ ആത്യന്തിക ഉദ്ദേശം എന്തെന്ന് കുടുംബം സ്ഥാപിച്ചതിലും (ഉല്. 2:21-24) ശബ്ബത്ത് നൽകിയതിലും കാണാം. മർക്കൊസ് 2:27, 28-ൽ യേശു വ്യക്തമാക്കും പോലെ ശബ്ബത്ത് സകല മനുഷ്യർക്കും വേണ്ടിയായിരുന്നു. യഥാർത്ഥത്തിൽ അതിന്റെ സാർവ്വത്രീകത ഉല്പത്തിയിൽ തന്നെ കാണാം. ദൈവം ഏഴാം ദിവസത്തെ വേർതിരിച്ചത് വാഗ്ദത്ത ജനത്തെ ഇസ്രായേലിൽ നിന്ന് വേർതിരിക്കുന്നതിനും പാപം ലോകത്തിൽ പ്രവേശിക്കുന്നതിനും മുന്നേയായിരുന്നു. എല്ലാവരും ശബ്ബത്ത് അനുസരിച്ചിരുന്നുവെങ്കിൽ എത്ര ശക്തമായ ഏകീകരണ ശക്തി ആകുമായിരുന്നു അത്. ആദാമിന്റെയും ഹവ്വയുടെയും വംശജർക്ക് ദൈവവുമായും പരസ്പരവുമുള്ള ബന്ധം ഓർമ്മപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതായിരുന്നു ദൈവം നൽകിയ വിശ്രമ ദിവസം. "ശബ്ബത്തും കുടുംബവും ഏദനിൽ സ്ഥാപിച്ചു. ദൈവനിശ്ചയപ്രകാരം ഇവ പിളർത്താനാവാത്ത വിധം ഇണക്കിച്ചേർത്തതാണ്. മറ്റേതൊരു ദിവസത്തേതിലേക്കാളും ഈ ദിനം നമുക്ക് ഏദനിലെ ജീവിതം അനുഭവവേദ്യമാക്കും. കുടുംബാംഗങ്ങൾക്ക് സഹവർത്തിക്കാനുള്ള ദൈവീക പദ്ധതിയായിരുന്നു അത്-ജോലിയിലും പഠനത്തിലും, പ്രാർത്ഥനയിലും ഉല്ലാസത്തിലും അങ്ങനെ സകലത്തിലും. പിതാവ് കുടുംബത്തിലെ പുരോഹിതൻ. പിതാവും മാതാവും മക്കളുടെ സുഹൃത്തുക്കളും." - *എലൻ ജി. വൈറ്റ്, ചൈൽഡ് ഗൈഡൻസ്, പേജ്535.*

**ചർച്ച:**

1. **ആദാമിന്റെ വാരിയെല്ലിൽ നിന്ന് സ്ത്രീയെ സൃഷ്ടിച്ചുവെന്ന് ഉല്പത്തി പുസ്തകം പറയുന്നു. ഭാര്യയും ഭർത്താവും തമ്മിലുണ്ടാകേണ്ട ആഴമേറിയ ഉറ്റബന്ധത്തെക്കുറിച്ച് ഇത് എന്ത് വെളിപ്പെടുത്തുന്നു? ദൈവജനവും ദൈവവും തമ്മിലുണ്ടാകേണ്ട ബന്ധത്തെക്കുറിച്ച് ഭാര്യാഭർതൃ ബന്ധത്തിന്റെ ഉപമകൾ ബൈബിളിലുടനീളം ഉപയോഗിച്ചിരിക്കുന്നത് കാണാം. എന്തുകൊണ്ടായിരിക്കും?**
2. **മനുഷ്യരുടെ വംശീയ ഭാഷാന്തരങ്ങൾ തനത് ദൈവീകപദ്ധതിയിൽ ഉണ്ടായിരുന്നില്ലെന്ന് ബാബേൽ ഗോപുരത്തിന്റെ കഥ പറയുന്നു. ഇത്തരം വിഭജനങ്ങളെ ഇന്ന് നമുക്കെങ്ങനെ അതിജീവിക്കാം? സഭ അനേക രാജ്യ, ഭാഷക്കാരെക്കൊണ്ട് നിറഞ്ഞതെങ്കിലും എങ്ങനെ ഐക്യവും ഒത്തൊരുമയും അനുഭവവേദ്യമാക്കാം?**
3. **പ്രാചീന ഇസ്രായേലിന്റെയും ആധുനിക സെവൻത് ഡേ അഡ്വന്റിസ്റ്റുകാരുടെയും വിളികൾ തമ്മിൽ എന്ത് സാമ്യങ്ങൾ നിങ്ങൾക്ക് കണ്ടെത്താനായി? ക്രിസ്തുവിന്റെ വിശുദ്ധ വിളിക്കനുയോജ്യമായി വിശ്വസ്തരാവാൻ അവരിൽ നിന്ന് എന്ത് പാഠം ഉൾക്കൊള്ളാം?**

**സംഗ്രഹം** : സൃഷ്ടിപ്പിൽ ദൈവീക തനത് പദ്ധതി മനുഷ്യൻ ഒരു കുടുംബമായി ഒരുമയോടെയും ഐക്യത്തോടെയും കഴിയുകയെന്നതായിരുന്നു. ആദിമാതാപിതാക്കളുടെ അനുസരണക്കേട് അതിൽ വിഘ്നം വരുത്തി. എങ്കിലും ക്രിസ്തുവിലൂടെ മാത്രം പൂർത്തീകരിക്കുന്ന രക്ഷാകരപദ്ധതിയുടെ വാഗ്ദത്തം നിലനിർത്താൻ ദൈവം അബ്രഹാമിലൂടെ ഒരു ജനത്തെ തിരഞ്ഞെടുത്തു.

****